**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 286

# ബാഹ്യവും ആന്തരികവുമായ ലോകം

## THE EXTERNAL VS THE INTERNAL WORLD

**ഒക്ടോബർ 2, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### ബാഹ്യവും ആന്തരികവും
### THE EXTERNAL AND THE INTERNAL

ശാസ്ത്രം ബുദ്ധിശക്തി(intelligence) ആവശ്യപ്പെടുന്നു. ശാസ്ത്രം ഓർമ്മശക്തി(memory) ആവശ്യപ്പെടുന്നു. ശാസ്ത്രം തക്കസമയത്തുള്ള നടപടി(timely action) ആവശ്യപ്പെടുന്നു. ഒരുവൻ ജാഗ്രതയിലിരിക്കണം. ഒരുവൻ ജാഗരൂകനായിരിക്കണം. സംഭവിക്കുന്നതൊക്കെ അയാൾക്ക് കൂടുതൽ കൂടുതൽ നിരീക്ഷിക്കാൻ സാധിക്കണം. അപ്പോൾ, ശാസ്ത്രം ബുദ്ധിശക്തിയും നിരീക്ഷണവും ആവശ്യപ്പെടുന്നു. ഇതിനെ 'പ്രവൃത്തി' അഥവാ ബാഹ്യ വൃത്തികൾ(external activities) എന്നാണ് വിളിക്കുക. 'പ്രവൃത്തി' എപ്പോഴും ബാഹ്യലോകത്തേക്കാണ് നോക്കുക. ഭൂതങ്ങൾ(elements) എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ഈ ഊർജ്ജം എന്താണ്? വൈദ്യുതി എന്താണ്? താപം എന്താണ്? ബഹിരാകാശ വാഹനങ്ങൾ എന്താണ്? എല്ലാം ബാഹ്യമാണ്.






അതുകൊണ്ട്, ശാസ്ത്രം ബാഹ്യലോകത്തിൽ മുഴുകിയിരിക്കുന്നു. അത് ഭൗതികലോകത്ത്(physical world) കേന്ദ്രീകരിച്ചിരിക്കുന്നു. അത് കേവലം 'പ്രവൃത്തി' എന്നു വിളിക്കപ്പെടുന്ന, മസ്തിഷ്കത്തിന്റെ ഉത്പന്നമാണ്; അതേസമയം ആദ്ധ്യാത്മികത അകമേയുള്ള ഒരു അനുഭവമാണ്. അതിന് ശിരസ്സുമായി ബന്ധമൊന്നുമില്ല. അതിന് ഹൃദയവുമായാണ് ബന്ധമുള്ളത്. ആദ്ധ്യാത്മികത നിങ്ങൾക്ക് ഹൃദയതലത്തിലുള്ള അനുഭവങ്ങൾ നൽകാൻ തുടങ്ങുന്നു. നിങ്ങൾ നിങ്ങളുടെ മനസ്സിൽ ചിന്തിക്കുന്നതൊക്കെ അന്വേഷിക്കാനും പരീക്ഷണം നടത്താനും ശാസ്ത്രം



നിങ്ങളെ സഹായിക്കുന്നു. അപ്പോൾ, 'പ്രവൃത്തി' എന്നത് മനസ്സാണ്, 'നിവൃത്തി' എന്നത് ആന്തരികമാണ്, ഹൃദയമാണ്. അതാണ് ശാസ്ത്രവും ആദ്ധ്യാത്മികതയും തമ്മിലുള്ള വ്യത്യാസം.




ഒരു ശാസ്ത്രജ്ഞൻ വലിയ അഹംഭാവമുള്ളയാളാണ്. പല ശാസ്ത്രജ്ഞന്മാരും കരുതുന്നത് അവർക്ക് എല്ലാം അറിയാമെന്നാണ്, അവർക്ക് ഒന്നുമറിയില്ലെന്ന് നമുക്കറിയാമെന്നാലും. തന്നെയുമല്ല, ശാസ്ത്രജ്ഞന് അറിയാവുന്നത് സൃഷ്ടിയുടെ ഒരു ഭാഗം മാത്രമാണ്. എല്ലാം തനിക്കറിയാം എന്ന് അയാൾക്ക് അവകാശപ്പെടാനാവില്ല, ഇല്ല! അയാൾക്ക് കുറച്ചു മാത്രമേ അറിയാവൂ. ന്യൂട്ടണാണ് പറഞ്ഞത്, "കടൽത്തീരത്തൂടെ നടന്ന്, ചരൽക്കല്ലുകൾ പെറുക്കുന്ന ഒരു കുട്ടിയെപ്പോലെയാണ് ഞാൻ." അപ്പോൾ, ഒരു ശാസ്ത്രജ്ഞൻ ഒരംശം മാത്രമേ അറിയുന്നുള്ളൂ. എല്ലാ കാര്യവും അറിയാമെന്ന് അയാൾക്ക് അവകാശപ്പെടാനാവില്ല, ഇല്ല! അയാൾ തൻപ്രമാണിത്തവും നിർബന്ധബുദ്ധിയും ഉള്ള (egoistic and possessive) ആളാണ്.

ശാസ്ത്രജ്ഞൻ കടുംപിടുത്തക്കാരനാണ്, എന്തുകൊണ്ട്? ഇക്കാലത്ത് 'പേറ്റന്റിംഗ്' എന്നൊരു പ്രക്രിയയുണ്ട്. ആളുകൾ ബസുമതി അരി പോലും പേറ്റന്റു ചെയ്യാനായി ആഗ്രഹിക്കുന്നു. ഒരു ദിവസം, നമ്മൾ ശ്വസിക്കുന്ന ഓക്സിജൻ പോലും ഒരു പക്ഷേ, ആളുകൾ പേറ്റന്റു ചെയ്തേക്കാം. അപ്പോൾ, ഇത്തരത്തിലുള്ള സ്വാർത്ഥബുദ്ധിയെന്നത് ഒരു ശാസ്ത്രജ്ഞന്റെ ഭരിക്കാനുള്ള ത്വരയുടെ ഗുണമാണ്. ശാസ്ത്രജ്ഞർ കീഴടക്കാനായി ആഗ്രഹിക്കുന്നു, അതെ! "എന്റെ പക്കൽ ഈ ആറ്റം ബോംബുകൾ ഉള്ളതിനാൽ, നീ എനിക്ക് കീഴടങ്ങിയേ മതിയാവൂ. ഞങ്ങൾക്ക് ആയിരക്കണക്കിന് ആളുകളെ ബോംബു ചെയ്ത് കൊല്ലാൻ കഴിവുള്ള ആളില്ലാത്ത വിമാനങ്ങൾ ഉള്ളതിനാൽ, ഞാൻ ഭരിക്കട്ടെ." അപ്പോൾ, ശാസ്ത്രജ്ഞൻ കീഴടക്കാനാഗ്രഹിക്കുന്നു. അയാൾക്ക് അഹംഭാവവും ദർപ്പവുമാണ്. അയാൾ മറ്റുള്ളവരെ ഭരിക്കാനാണ് ഇഷ്ടപ്പെടുന്നത്. അയാൾ വളരെയധികം, പൂർണ്ണമായും, തികച്ചും,

സ്വാർത്ഥനാണ്. ചില അപവാദങ്ങളുണ്ടാവാം, പക്ഷേ ശാസ്ത്രജ്ഞരിൽ ഭൂരിപക്ഷവും ഇങ്ങനെയാണ്.

## ഒരു ആദ്ധ്യാത്മിക വ്യക്തി സദാ വിനയവാനാണ്
## A SPIRITUAL PERSON IS ALWAYS HUMBLE

നേരേ മറിച്ച്, ആദ്ധ്യാത്മിക വ്യക്തി എല്ലായ്പോഴും വിനയവാനാണ്. ഒരു മതാത്മക വ്യക്തി(religious person), എപ്പോഴും വിനയമുള്ളവനാണ്. ദശലക്ഷക്കണക്കിന് അഗതികളായ ആളുകളെ സേവിച്ച, നോബൽ സമ്മാനിതയായ, മദർ തെരേസയുടെ ഫോട്ടോകൾ നിങ്ങൾ കണ്ടുകാണും. എത്ര വിനയാന്വിതയായിരുന്നു അവർ! തൊഴുകൈകളോടെ, കുനിഞ്ഞു വണങ്ങിയാണ് അവർ റോമിൽ പോപ്പിനെ കാണാനായി



കൊട്ടാരത്തിലേക്ക് പോയത്. തൊഴുകൈകളോടെ, കുനിഞ്ഞു വണങ്ങിയാണ് അവർ നോബൽ സമ്മാനം സ്വീകരിച്ചത്.

തന്നെയുമല്ല, മദർ തെരേസയുടെ മരണവേളയിൽ അവരുടെ സമ്പാദ്യം എത്രയായിരുന്നു? നിങ്ങൾക്കറിയുമോ? രണ്ട് പ്ലാസ്റ്റിക് ബക്കറ്റുകൾ, ഒരു പ്ലാസ്റ്റിക് മഗ്ഗ്, രണ്ടു ജോടി വസ്ത്രങ്ങൾ. അത്ര മാത്രം; കൂടുതലൊന്നുമില്ല. തനിക്ക് കിട്ടിയ മുഴുവൻ കാറുകളും അവർ വിറ്റിട്ട് ആ പണം സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി അസോസിയേഷന് നൽകി. അപ്പോൾ, ഒരു മതാത്മക വ്യക്തിയുടെ മുഖമുദ്രയെന്നത് വിനയമാണ്.

സമചിത്തത(equanimity)-അതിനർത്ഥം ഒരുവൻ ആശയക്കുഴപ്പത്തിലല്ല എന്നാണ്. ജീവിതത്തിലെ ഉയർച്ചതാഴ്ചകൾ അയാളെ ഉലയ്ക്കില്ല. അയാൾ ഒരു അക്ഷോഭ്യ ഭാവം പുലർത്തുന്നു, അയാൾക്ക് സമത്വഭാവമുണ്ട്. മറ്റാരേക്കാളും കേമനാണ് താനെന്ന് അയാൾ കരുതുന്നില്ല. സമത്വം(equality), സമചിത്തത,



വിനയം ഇവ ഒരു മതാത്മക വ്യക്തി(religious person)യുടെ സവിശേഷതകളാണ്. കൂടാതെ, അതിനുവേണ്ടി എന്തും ത്യജിക്കാൻ അയാൾ തയ്യാറാണ്, തന്റെ ജീവൻ പോലും.

അതിനാൽ, ''ഇത്(**this**)'' ശാസ്ത്രമാകുന്നു, അതേസമയം ''അത്(**that**)'' ആദ്ധ്യാത്മികതയാകുന്നു. 1989 ൽ ഊട്ടിയിലെ(ഉദഗമണ്ഡലം) സ്കൂൾ വിദ്യാർത്ഥികൾക്കായി സ്വാമി നടത്തിയ ഒരു പ്രഭാഷണത്തിന്റെ വിഷയം ഇതായിരുന്നു.



ഊട്ടി ശ്രീ സത്യ സായി വിദ്യാ വിഹാർ വിദ്യാർത്ഥികൾ സ്വാമിക്കൊപ്പം

## ശരീരം ഭൂത നിർമ്മിതം
## THE BODY IS COMPOSED OF ELEMENTS

''ഇതും'' ''അതും'' അറിയുവാൻ ഭഗവദ്ഗീതയും നമ്മെ സഹായിക്കുന്നു, അധ്യായം 13-ൽ ഇത് വളരെ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ''ഇത്'', അതെ, ഇത്! 'ഇത്' ശരീരമാണ്. എന്താണ് അതിന്റെ പ്രകൃതം? നിങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് എന്തിനാലാണ്? 'ഇതിന്റെ' പൊരുളെന്താണ്?

മഹാഭൂതാനി അഹങ്കാരോ ബുദ്ധിർ അവ്യക്തം ഏവ ച ।
ഇന്ദ്രിയാണി ദശൈകം ച പഞ്ച ച ഇന്ദ്രിയഗോചരാ: ॥ (13.6)

ഇതാണ് ഭഗവദ്ഗീതയിലെ പ്രസ്താവന. വ്യക്തമായി പറയപ്പെട്ടിരിക്കുന്നു: ''മഹാഭൂതാനി''. ശരീരം പഞ്ചമഹാഭൂതങ്ങളെക്കൊണ്ടാണ് നിർമ്മിതമായിരിക്കുന്നത്.

പുറത്ത് വായുവുണ്ട്; അകത്ത് വായുവുണ്ട്; ഇതാണ് ശ്വസന പ്രക്രിയ. പുറത്ത് ആകാശ(space)മുണ്ട്; അകത്ത് ആകാശമുണ്ട്. പുറത്ത് അഗ്നി(fire)യുണ്ട്; അകത്ത് അഗ്നിയുണ്ട്. പുറത്ത് നിങ്ങൾ കാണുന്ന എല്ലാ പഞ്ചഭൂതങ്ങളും നിങ്ങളുടെ ഉള്ളിലു




മുണ്ട്. ഭൂമി, അഗ്നി, ആകാശം, വായു, ജലം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് ശരീരം. ഈ പഞ്ചഭൂതങ്ങളും ശരീരത്തിലുണ്ട്- 'മഹാഭൂതാനി' എന്നാലർത്ഥം, പഞ്ചഭൂതങ്ങളെന്നാണ്.

അഹങ്കാരം. അഹംഭാവം, ഈഗോ! "നിങ്ങളാരാണ്?" "ഞാൻ ഇന്നയിന്ന ആളാണ്." "നിങ്ങൾ എവിടെനിന്ന് വരുന്നു?" "ഞാൻ ആ സ്ഥലത്തുനിന്ന് വരുന്നു?" "താങ്കൾ എന്താണ്?" "ഞാൻ ഇന്നയിന്ന ആളാണ്." അപ്പോൾ, ഇത്തരത്തിലുള്ള 'ഞാനെ'ന്ന ഭാവം(I-ness) ഈഗോ ആകുന്നു. ഈ 'ഞാനെ'ന്ന ഭാവം അവിടെയില്ലെങ്കിൽ, ഈ ജീവിതം അവിടെയില്ലെങ്കിൽ, നാം




ഒരു തുണിക്കടയിലെ പ്ലാസ്റ്റിക് പ്രതിമകളെപ്പോലെയാവും. അപ്പോൾ ഇത്തരത്തിലുള്ള ഈഗോ "ഞാൻ ഇന്നയിന്ന ആളാണ്" എന്ന് ഒരുവന്റെ സത്തയെ പരിചയപ്പെടുത്തുന്നു.

ബുദ്ധിർ അവ്യക്തം ഏവ ച: അപ്പോൾ ഈഗോ മാത്രമല്ല, ബുദ്ധിയും ഉണ്ട്. ബുദ്ധി ഇല്ലാതെ ഈഗോ മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ, ഒരുവൻ പോത്തിനെപ്പോലെ പെരുമാറിയേനേ. പോത്തിനെപ്പോലെ!



ഭഗവാൻ, സത്യസായി വാണി(Sathya Sai Speaks) വാല്യം 1 ൽ പറഞ്ഞിരിക്കുന്നു: "നിങ്ങളൊരു പോത്തിനെ വടി കൊണ്ട് തല്ലിയാൽ അത് 'ഹം, ഹം' എന്ന് അമറിക്കൊണ്ടിരിക്കും, അതിനർത്ഥം, 'ഞാൻ', 'ഞാൻ' അഥവാ ഈഗോ എന്നാണ്. ആ പോത്തിന്റെ തോലുരിക്കുകയും ഞരമ്പുകളൊക്കെ നീക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്കതു കൊണ്ട് വയലിൻ തന്ത്രികളുണ്ടാക്കാം. ആ വലയിൻ വായിക്കുമ്പോൾ അത് 'ഹം, ഹം' എന്ന് ശബ്ദിക്കില്ല, അത് 'തും, തും'('നീ, നീ') എന്നാവും ശബ്ദിക്കുക. അപ്പോൾ, അത് 'ഹം' ൽ നിന്ന് 'തും' ലേക്ക് മാറുന്നു. മാംസം മാത്രമാണ് കാരണം; ഈഗോ മാത്രമാണ് കാരണം.



അവ്യക്തം ഏവ ച. അവ്യക്തം: പഞ്ചഭൂതങ്ങളുള്ള ഈ ശരീരത്തിൽ, ഒരു മറഞ്ഞിരിക്കുന്ന തത്വമുണ്ട്. അത് ജീവാത്മാവാണ്, അതാണ് ശരീരത്തെ പ്രവർത്തിപ്പിക്കുന്നത്, നടത്തുന്നത്. അപ്പോൾ, അതാണ് അവ്യക്തം ഏവ ച. മൂല പ്രകൃതി; അടിസ്ഥാന തത്വം-അതിനെയാണ് നിങ്ങൾ വൈയക്തിക പ്രജ്ഞാബോധം(individual consciousness) അഥവാ ജീവാത്മാവ്(individual soul) എന്നു വിളിക്കുന്നത്. അത് അഹങ്കാരം ആകുന്നു.

## പത്ത് ഇന്ദ്രിയങ്ങൾ
## THERE ARE TEN SENSES

ഇന്ദ്രിയാണി ദശൈകഞ്ച പഞ്ച ചേന്ദ്രിയഗോചരാ:: ഇവിടെ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു, ഇന്ദ്രിയാണി ദശൈകഞ്ച. പത്ത് ഇന്ദ്രിയങ്ങളുണ്ട്. അവ ഏതൊക്കെയാണ്? 5 കർമ്മേന്ദ്രിയങ്ങളും 5 ജ്ഞാനേന്ദ്രിയങ്ങളുമാണവ.

ഭഗവാൻ ഈ ഉദാഹരണമാണ് തന്നിട്ടുള്ളത്. എല്ലാ കാറിനും ലൈറ്റുകളുണ്ട്, എല്ലാ കാറിനും ടയറുകളുണ്ട്. അപ്പോൾ, നാം പുറത്തു കാണുന്ന എല്ലാ ഭാഗങ്ങളും കർമ്മേന്ദ്രിയങ്ങളാണ്. ഉള്ളിൽ, കാറിന് ബ്രേക്കും സ്റ്റിയറിംഗും ക്ലച്ചും ഉണ്ട്. ശരീരത്തിനകത്ത് പ്രവർത്തിക്കുന്ന അവയവങ്ങളെയാണവ പ്രതിനിധീകരിക്കുന്നത്. അവ

യാണ് ജ്ഞാനേന്ദ്രിയങ്ങൾ(organs of perception). അപ്പോൾ, ജ്ഞാനേന്ദ്രിയങ്ങൾ അകത്താണ്, അതേസമയം കർമ്മേന്ദ്രിയങ്ങൾ പുറത്താണ്; 5 അധികം 5 സമം 10 ഇന്ദ്രിയങ്ങൾ.




അപ്പോൾ, ഇന്ദ്രിയാണി ദശൈകഞ്ച: പത്തെണ്ണമുണ്ട് അവ. അപ്പോളെന്തു സംഭവിക്കും?

ഇന്ദ്രിയഗോചര: പഞ്ച. 5 ബാഹ്യമായ കർമ്മേന്ദ്രിയങ്ങളും 5 ജ്ഞാനേന്ദ്രിയങ്ങളും കൂടി ഒത്തൊരുമിച്ചു പ്രവർത്തിക്കും. 5 ജ്ഞാനേന്ദ്രിയങ്ങളുണ്ട്: ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം. ശബ്ദം എന്നത് നിങ്ങൾ നിങ്ങളുടെ ചെവികൾ കൊണ്ട് കേൾക്കുന്നതാണ്. രൂപം എന്നത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾ കൊണ്ട് കാണുന്നതാണ്. രസം എന്നത് നിങ്ങൾ നിങ്ങളുടെ നാവു കൊണ്ട് രുചിക്കുന്നതാണ്. ഗന്ധം എന്നത് നിങ്ങൾ നിങ്ങളുടെ മൂക്കു കൊണ്ട് മണക്കുന്നതാണ്. സ്പർശം എന്നത് നിങ്ങൾ നിങ്ങളുടെ ത്വക്കു കൊണ്ട് അറിയുന്നതാണ്. അപ്പോൾ, ഇവയാണ് 5 ബാഹ്യമായ കർമ്മേന്ദ്രിയങ്ങൾ: ചെവി, കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്.

അതുകൊണ്ട്, അകത്തുള്ള 5 ജ്ഞാനേന്ദ്രിയങ്ങളും, കർമ്മങ്ങൾ ചെയ്യാനുള്ള ബാഹ്യമായ 5 കർമ്മേന്ദ്രിയങ്ങളുംകൊണ്ട്, നമുക്ക് ഈ ലോകത്ത് ജീവിക്കാൻ പറ്റുന്നു.

ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നമ്മുടെ ധാരണ വികസിപ്പിക്കുന്നതിന് നമ്മെ സഹാ




യിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിറാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു –** (*Sai-Vedam* പേജ് 293–299)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)